2025
NOVEMBER
10
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# തിരുവനന്തപുരം മെട്രോ 2029ൽ; 8,000 കോടിരൂപ ചെലവ്

**തിരുവനന്തപുരം:** തലസ്ഥാന നഗരത്തിലെ മെട്രോ റെയിൽ പദ്ധതിയുടെ നിർമാണം രണ്ടര വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ) എംഡി ലോക്നാഥ് ബെഹ്റ. 8,000 കോടി രൂപയാണ് ചെലവു പ്രതീക്ഷിക്കുന്നതെന്നും ഡൽഹിയിൽ യോഗത്തിൽ പങ്കെടുക്കാനെത്തിയ ബെഹ്റ പറഞ്ഞു. അടുത്താഴ്ച തിരുവനന്തപുരത്ത് എത്തി കാര്യങ്ങൾ വിലയിരുത്തുമെന്നും അദ്ദേഹം പറഞ്ഞു.



അലൈൻമെന്റ് മാറ്റമുള്ളതു കൊണ്ടു മുൻപ് തയാറാക്കിയ ഡി.പി.ആറിൽ കുറച്ചു മാറ്റങ്ങൾ ആവശ്യമാണ്. അക്കാര്യം ഡൽഹി മെട്രോ റെയിൽ കോർപറേഷൻ (ഡി.എം.ആർ.സി) എം.ഡിയുമായി സംസാരിച്ചു. ഒന്നര മാസത്തിനുള്ളിൽ അവർ ഡി.പി.ആർ തയാറാക്കി നൽകും. തുടർന്ന് ഡി.പി.ആർ മന്ത്രിസഭയുടെ അനുമതിക്കു സമർപ്പിക്കും. അതിനു ശേഷം കേന്ദ്രാനുമതി വേണം. കേന്ദ്രമന്ത്രിസഭയുടെ അനുമതി ലഭിച്ച ശേഷം മാത്രമേ നിർമാണം ആരംഭിക്കാൻ കഴിയൂ. ആറു മാസം കൊണ്ട് ഈ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കൊച്ചി മെട്രോ മാതൃകയിൽ തന്നെ നിർമിക്കാനാണ് ഉദ്ദേശിക്കുന്നത്. അന്തിമ തീരുമാനം എടുക്കേണ്ടത് സർക്കാരാണ്. 8,000 കോടിയോളം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ 20% സംസ്ഥാന സർക്കാരും 20% കേന്ദ്രസർക്കാരും വഹിക്കും. ബാക്കി 60% വായ്പ എടുക്കും. ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ പ്രശ്നങ്ങൾ ഉണ്ടായില്ലെങ്കിൽ രണ്ടര വർഷത്തിനുള്ളിൽ പദ്ധതി നിർമാണം പൂർത്തിയാക്കാൻ കഴിയും.

2029ന് മുൻപ് അതിനു കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരത്തെ ഭൂമിയുടെ അവസ്ഥ അനുസരിച്ച് നിർമാണത്തിനു വലിയ പ്രശ്നങ്ങൾ ഉണ്ടാകുമെന്നു തോന്നുന്നില്ലെന്ന് ബെഹ്റ പറഞ്ഞു.

ആറ്റിങ്ങൽ വരെയും നെയ്യാറ്റിൻകര വരെയും വികസിപ്പിക്കാവുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വിഴിഞ്ഞം വരെയും വെള്ളായണി വരെയും കൊണ്ടുപോകാം. നല്ല രീതിയിൽ യാത്രക്കാർ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൊച്ചിയിൽ 25 സ്റ്റേഷനിൽ 16 ഇടത്തു മാത്രമേ പാർക്കിങ് സൗകര്യമുള്ളൂ. എന്നാൽ തിരുവനന്തപുരത്ത് എല്ലാ സ്റ്റേഷനിലും പാർക്കിങ് ഒരുക്കാനാണ് ശ്രമിക്കുന്നത്. ഫീഡർ സൗകര്യങ്ങളും ഫലപ്രദമായി നടപ്പാക്കുമെന്നും ലോക്നാഥ് ബെഹ്റ പറഞ്ഞു.

11 വർഷത്തെ കാത്തിരിപ്പിനു ശേഷം ആദ്യഘട്ട അലൈൻമെന്റിനു മുഖ്യമന്ത്രി പിണറായി വിജയൻ അംഗീകാരം നൽകിയത്. ടെക്നോപാർക്കിന്റെ മൂന്ന് ഫെയ്സുകൾ, വിമാനത്താവളം, തമ്പാനൂർ ബസ് സ്റ്റാൻഡ്, തിരുവനന്തപുരം നോർത്ത് സെൻട്രൽ സ്റ്റേഷനുകൾ, സെക്രട്ടേറിയറ്റ്, മെഡിക്കൽ കോളജ് എന്നിവയെ ബന്ധിപ്പിക്കുന്നതാണ് ഒന്നാംഘട്ട അലൈൻമെന്റ്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ) ആണ് പദ്ധതി നടപ്പാക്കുക. പാപ്പനം കോടുനിന്ന് ആരംഭിച്ച് കിള്ളിപ്പാലം, പാളയം, ശ്രീകാര്യം, കഴക്കൂട്ടം, ടെക്നോപാർക്ക്, കൊച്ചുവേളി, വിമാനത്താവളം വഴി ഈഞ്ചയ്ക്കലിൽ അവസാനിക്കും.

# വിമാനക്കമ്പനികൾ പ്രതിസന്ധിയിൽ



**കൊച്ചി:** ക്രൂഡോയിൽ വിലയിലെ ചാഞ്ചാട്ടവും ഡോളറിനെതിരെ രൂപയുടെ മൂല്യത്തകർച്ചയും രാജ്യത്തെ വിമാന കമ്പനികളുടെ പ്രതിസന്ധി രൂക്ഷമാക്കുന്നു. രാജ്യത്തെ ഏറ്റവും വലിയ വിമാന കമ്പനിയായ ഇൻഡിഗോ നഷ്ടത്തിലേക്ക് നീങ്ങുന്നതായാണ് സൂചന.

നടപ്പു സാമ്പത്തിക വർഷത്തിലെ രണ്ടാം ത്രൈമാസക്കാലയളവിൽ രാജ്യത്തെ ഏറ്റവും വലിയ വിമാന കമ്പനിയായ ഇന്റർഗ്ലോബ് ഏവിയേഷന്റെ (ഇൻഡിഗോ) നഷ്ടം 2,582.10 കോടി രൂപയായി ഉയർന്നു. മുൻവർഷം ഇതേ കാലയളവിലെ നഷ്ടം 986.7 കോടി രൂപയായിരുന്നു. ജൂലൈ മുതൽ സെപ്റ്റംബർ വരെ കമ്പനിയുടെ വരുമാനം 9.3 ശതമാനം ഉയർന്ന് 18,555 കോടി രൂപയായി. മുൻവർഷം ഇക്കാലയളവിൽ 16,969 രൂപയായിരുന്നു. രൂപയുടെ മൂല്യത്തിലുണ്ടായ ചാഞ്ചാട്ടം മൂലം വിദേശനാണയ വിനിമയത്തിൽ 2,892 കോടി രൂപയുടെ നഷ്ടം ഇൻഡിഗോ നേരിട്ടു. ഇന്ത്യൻ വ്യോമയാന വിപണിയുടെ 64 ശതമാനം വിഹിതം ഇൻഡിഗോയ്ക്കാണ്.

ടാറ്റാ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രമുഖ എയർലൈനുകളായ എയർ ഇന്ത്യ, ടാറ്റ എസ്.ഐ.എ എയർലൈൻസ്, മറ്റ് ഉപകമ്പനികൾ എന്നിവയ്ക്ക് 27 ശതമാനം വിപണി വിഹിതമുണ്ട്. ആകാശ് എയർവേയ്സിന് 5.6 ശതമാനവും സ്പൈസ് ജെറ്റിന് രണ്ട് ശതമാനവും വിഹിതമാണുള്ളത്.

ഇതിനിടെ വിദേശ സർവീസുകൾ ഗണ്യമായി വർധിപ്പിച്ച് ലാഭക്ഷമത വർധിപ്പിക്കാനുള്ള നീക്കത്തിലാണ് ഇൻഡിഗോയും എയർ ഇന്ത്യയും. കഴിഞ്ഞ സാമ്പത്തിക വർഷം എയർ ഇന്ത്യയടക്കമുള്ള ടാറ്റാ ഗ്രൂപ്പിന്റെ വിമാന കമ്പനികളുടെ നഷ്ടം 48 ശതമാനം ഉയർന്ന് 10,859 കോടി രൂപയിലെത്തിയിരുന്നു. സ്പൈസ് ജെറ്റ്, ആകാശ, ഗോ ഫസ്റ്റ് എന്നിവയും അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്നാണ് വിവരം . ക്രൂഡോയിൽ വിലയിലെ ചാഞ്ചാട്ടമാണ് വിമാന കമ്പനികൾ നേരിടുന്ന പ്രധാന വെല്ലുവിളി. ഏവിയേഷൻ ടർബൻ ഫ്യൂവലിന്റെ (എടിഎഫ്) ചെലവിൽ ഒക്റ്റോബറിൽ 3.3 ശതമാനം വർധനയാണുണ്ടായത്. വ്യോമയാന കമ്പനികളുടെ മൊത്തം ചെലവിൽ 30 മുതൽ 40 ശതമാനം വരെ ഇന്ധനത്തിനാണ് മുടക്കുന്നത്.

സെപ്റ്റംബറിൽ രാജ്യത്ത് വിമാന യാത്രക്കാരുടെ എണ്ണം മുൻവർഷം ഇതേ കാലയളവിനേക്കാൾ 1.4 ശതമാനം കുറഞ്ഞ് 128.5 ലക്ഷമായി. എയർലൈനുകൾ സീറ്റുകൾ വർധിപ്പിച്ചെങ്കിലും കാര്യമായ ഗുണം ചെയ്തില്ല. ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ യാത്രക്കാരുടെ എണ്ണത്തിൽ നേരിയ വർധനയാണുണ്ടായത്. ആഗോള മേഖലയിലെ അനിശ്ചിതത്വങ്ങളും ഇന്ത്യൻ വ്യോമയാന വിപണിയുടെ വളർച്ചയെ ബാധിച്ചു.

# ട്രെയിൻ യാത്രയ്ക്കാർക്ക് സന്തോഷിക്കാം ; എറണാകുളം– ബംഗളുരു ഇനി എട്ടു മണിക്കൂർ 40 മിനിറ്റ് മാത്രം

**കൊച്ചി:** ട്രെയിനിൽ ബംഗളുരുവിലേക്ക് യാത്ര ചെയ്യുന്നവർക്ക് ഇനി ട്രെയിനിൽ ഇരുന്ന് അധികം ബുദ്ധിമുട്ടേണ്ട. എട്ടു മണിക്കൂർ 40 മിനിറ്റു കൊണ്ട് എറണാകുളത്ത് നിന്നും ബംഗളുരുവിൽ എത്താൻ കഴിയും. നിലവിലെ ട്രെയിൻ യാത്രയിൽ നിന്നും രണ്ടര മണിക്കൂറോളം സമയം പുതിയ എറണാകുളം- ബംഗളുരു വന്ദേഭാരത് സർവ്വീസിലൂടെ യാത്രക്കാർക്ക് ലാഭിക്കാൻ കഴിയും




പ്രധാനമന്ത്രി നരേന്ദ്രമോഡി വീഡിയോ കോൺഫ്രൻസിലൂടെ എറണാകുളം- ബംഗളുരു വന്ദേഭാരത് എക്സ്പ്രസ് ഫ്ളാഗ് ഓഫ് ചെയ്തു. കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. കേന്ദ്രസഹമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, സംസ്ഥാന മന്ത്രിമാരായ വി. അബ്ദുറഹിമാൻ, പി. രാജീവ്, പാർലമെന്റ് അംഗങ്ങളായ ഹൈബി ഈഡൻ, ഹാരിസ് ബീരാൻ, കൊച്ചി മേയർ എം. അനിൽ കുമാർ, ടി.ജെ വിനോദ് എം.എൽ.എ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ, അധ്യാപകർ, മാധ്യമ പ്രവർത്തകർ ഉൾപ്പെടെ പ്രത്യേക ക്ഷണിതാക്കളുമായിട്ടാണ് വന്ദേഭാരത് എക്സപ്രസിന്റെ പ്രത്യേക ഉദ്ഘാടന സർവീസ് എറണാകുളം ജങ്ഷനിൽ നിന്നും ബംഗലൂരുവിലേക്ക് യാത്ര തിരിച്ചത്.



ഉത്തർപ്രദേശിലെ വാരണാസിയിൽ നാല് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനും പ്രധാനമന്ത്രി ഫ്ളാഗ് ഓഫ് തെയ്തു. തൃശൂർ, പാലക്കാട്, കോയമ്പത്തൂർ, തിരുപ്പൂർ, ഈറോഡ്, സേലം എന്നീ പ്രധാന നഗരങ്ങളിലൂടെ സഞ്ചരിക്കുന്ന എറണാകുളം- ബംഗലുരു വന്ദേഭാരത് ട്രെയിൻ ആഴ്ചയിൽ ബുധൻ ഒഴികെ ആറ് ദിവസം സർവീസ് നടത്തും. വന്ദേ ഭാരത് എക്സ്പ്രസിന്റെ നവംബർ 11 ന് ആരംഭിക്കുന്ന സാധാരണ സർവീസിലേക്ക് മുൻകൂർ റിസർവേഷൻ ആരംഭിച്ചു.

എറണാകുളത്തുനിന്ന് ആരംഭിക്കുന്ന വന്ദേ ഭാരത് സർവീസ് ബംഗലൂരു യാത്രികർക്ക് സൗകര്യത്തിന്റെയും വേഗത്തിന്റെയും പുതിയ കാലം സമ്മാനിക്കും. ഐടി, വാണിജ്യ കേന്ദ്രങ്ങൾക്കിടയിലെ സുപ്രധാന കണ്ണിയായി മാറുന്ന ട്രെയിൻ പ്രൊഫഷണലുകൾക്കും വിദ്യാർത്ഥികൾക്കും വിനോദസഞ്ചാരികൾക്കും ഏറെ സൗകര്യപ്രദമായ അതിവേഗ യാത്ര സാധ്യമാക്കും. കേരളം, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങൾ തമ്മിലെ സാമ്പത്തിക പ്രവർത്തനങ്ങളും വിനോദസഞ്ചാരവും ശക്തിപ്പെടുത്താനും പ്രാദേശിക വികസനത്തിനും സഹകരണത്തിനും പ്രോത്സാഹനം നൽകാനും ഈ സർവീസ് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നതായി അധികൃതർ വ്യക്തമാക്കി.




ശിവസേന സംസ്ഥാന വർക്കിംഗ് കമ്മിറ്റി മീറ്റിംഗ് പാർട്ടി ലീഡർ ഡോ.ശ്രീകാന്ത് ഷിൻഡേ എം.പി. ഉദ്ഘാടനം ചെയ്യുന്നു. അഡ്വ. സാം ഐസക്, ടി ആർ ദേവൻ, എസ് ജയശേഖർ. അഡ്വ. പേരൂർക്കട ഹരികുമാർ, രാധാകൃഷ്ണമേനോൻ, അനിൽ ദാമോദർ, രാജീവ് രാജധാനി, മോഹൻകുമാർ നായർ, ഒറ്റശേഖരമംഗലം കൃഷ്ണൻകുട്ടി എന്നിവർ സമീപം

# എൻഡിഎ കേരളത്തിൽ വൻമുന്നേറ്റം നടത്തും: ഡോ.ശ്രീകാന്ത് ഷിൻഡേ എം.പി

**കൊച്ചി:** തദ്ദേശ തെരഞ്ഞെടുപ്പിൽ എൻഡിഎസഖ്യം കേരളത്തിൽ വൻമുന്നേറ്റം നടത്തുമെന്ന് ശിവസേന പാർലമെന്റ് പാർട്ടി ലീഡർ ഡോ.ശ്രീകാന്ത് ഷിൻഡേ എം.പി പറഞ്ഞു. എറണാകുളത്ത് സംഘടിപ്പിച്ച ശിവസേന സംസ്ഥാന നേതൃസംഗമവും തിരഞ്ഞെടുപ്പ് കൺവെൻഷനും ഉദ്ഘാടനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇടതുമുന്നണിയുടെ ദുർഭരണവും യുഡിഎഫിന്റെ വർഗീയ പ്രീണനവും കണ്ട് മടുത്ത ജനങ്ങൾ എൻഡിഎയുടെ വികസിത കേരളം എന്ന മുദ്രാവാക്യം ഏറ്റെടുത്തു കഴിഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദി കഴിഞ്ഞ പത്തുവർഷമായി ഭാരതത്തിൽ നടപ്പിലാക്കിവരുന്ന സാധാരണക്കാർക്ക് വേണ്ടിയുള്ള വികസന പദ്ധതികൾ കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കി കഴിഞ്ഞു. അതിന്റെ ഒരു പ്രതിഫലനം ആയിരിക്കും ഈ വരുന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ ഉണ്ടാകുക എന്നും അദ്ദേഹം കൂട്ടിച്ചേർത്തു രണ്ടു മുന്നണികളുടെയും കപട മുഖം ജനങ്ങൾ മനസ്സിലാക്കി കഴിഞ്ഞു. അതിന് എതിരായിട്ടുള്ള ജന മുന്നേറ്റമാണ് കേരളത്തിൽ ഇന്ന് കാണുന്നത്. തദ്ദേശ തെരഞ്ഞെടുപ്പിന് ശേഷം വരാൻ പോകുന്ന നിയമസഭ തെരഞ്ഞെടുപ്പിലും എൻഡിഎ മുന്നണി വലിയ മുന്നേറ്റം നടത്തും. പാർട്ടി സംസ്ഥാന അധ്യക്ഷൻ അഡ്വ.പേരൂർക്കട ഹരികുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി രാധാകൃഷ്ണമേനോൻ, ട്രഷറർ എസ്. ജയശേഖർ, വൈസ് പ്രസിഡന്റുമാരായ മോഹൻകുമാർ നായർ, അഡ്വ.രാജീവ് രാജധാനി, സംസ്ഥാന സെക്രട്ടറിമാരായ ടി.ആർ ദേവൻ, ഒറ്റശേഖരമംഗലം കൃഷ്ണൻകുട്ടി, അനിൽ ദാമോദർ സംസ്ഥാന കമ്മിറ്റി അംഗങ്ങളായ അഡ്വക്കേറ്റ് സാം ഐസക്ക്, യുവസേന സംസ്ഥാന ഓർഗനൈസിംങ് സെക്രട്ടറി പി. എസ് വൈശാഖ്, സംസ്ഥാന നേതാക്കളായ വിനു കൊല്ലം അനു ദാസ് പറവൂർ, രതീഷ് നായർ, സുധീർ മായൻ, കട്ടച്ചിറ ദിനേശ്, ബോസ് തേൻകുറിശ്ശി, രാജേഷ് കാടാമ്പുഴ, ഗോപു ആറന്മുള, ജോണി സ്റ്റീഫൻ, സി.ആർ ലെനിൻ, കെ. ബി വേണു തുടങ്ങിയവർ പ്രസംഗിച്ചു

# വധശ്രമം: കിഴക്കമ്പലം മുൻ പഞ്ചായത്ത് പ്രസിഡന്റിന് ഒരു വർഷം തടവ്

**കിഴക്കമ്പലം:** വധശ്രമകേസിൽ പ്രതിയായ കിഴക്കമ്പലം മുൻ പഞ്ചായത്ത് പ്രസിഡന്റ് അനിൽ കുമാറിനും കൂട്ടാളിക്കും ഒരു വർഷം തടവ് വിധിച്ച് കോടതി. ടിന്റി20 പ്രവർത്തകൻ ജോയി ജോണിനെ ആക്രമിച്ച് പരിക്കേൽപ്പിച്ചതിനാണ് കിഴക്കമ്പലം മുൻ പഞ്ചായത്ത് പ്രസിഡന്റും സി.പി. ഐ (എം) നേതാവുമായ അനിൽ കുമാറിനും കൂട്ടുപ്രതി സക്കീറിനും ഒരു വർഷം വീതം കാക്കനാട് ഫസ്റ്റ്ക്ലാസ് മജിസട്രേറ്റ് കോടതി തടവ് ശിക്ഷ നൽകിയത്. തടിയിട്ടപറമ്പ് പോലീസ് 2018 മാർച്ച് ഒമ്പതിന് രജിസ്റ്റർ ചെയ്തത് കേസിലാണ് കോടതി വിധി. കിഴക്കമ്പലം പഞ്ചായത്തിന്റെ ഭരണം ട്വന്റി20 പാർട്ടി പിടിച്ചതിനുശേഷം പെരുമ്പാവൂർ പുക്കാട്ടുപടി റോഡിന്റെ വീതികൂട്ടി നവീകര പ്രവർത്തികൾ നടത്തി. ഇത് തടയാൻ അനിൽ കുമാറിന്റെ നേതൃത്വത്തിൽ എത്തിയ സി.പി.എംന്റെ ഗുണ്ടകൾ ശ്രമിച്ചു. ഇതിനെ ചോദ്യംചെയ്ത ടിന്റി 20 പ്രവർത്തകൻ ജോയി ജോണിനെ കൂട്ടംകൂടി ആക്രമിക്കുകയും കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തുവെന്നാണ് കേസ്. തടിയിട്ടപോലീസിന്റെ അവസരോചിതമായ ഇടപെടലിലാണ് അത്യാഹിതം ഒഴിവായത്. ഈ കേസിലാണ് പ്രതികളായ അനിൽ കുമാറിനും, സക്കീറിനും ഒരുവർഷം വീതം വിചാരണ കോടതി ശിക്ഷ വിധിച്ചിരിക്കുന്നത്. ട്വന്റി20 പാർട്ടി മുന്നോട്ട് വയ്ക്കുന്ന അഴിമതി രഹിത സമഗ്ര വികസന മുന്നേറ്റത്തിൽ വിറളിപൂണ്ട സി.പി.എം ഗുണ്ടായിസത്തിന് ഏറ്റ കനത്ത തിരിച്ചടിയാണ് കോടതി വിധിയെന്ന് ട്വന്റി20 പാർട്ടി ലീഡർ സാബു എം.ജേക്കബ് പറഞ്ഞു.

# യുദ്ധകപ്പലും മ്യൂസിയവും സന്ദർശിച്ച് ഭിന്നശേഷി വിദ്യാർഥികൾ

**കൊച്ചി:** ഭിന്നശേഷിവിദ്യാർഥികൾക്ക് യുദ്ധകപ്പലും നേവൽ മ്യൂസിയവും സന്ദർശിക്കാൻ അവസരമൊരുക്കി ഇന്ത്യൻ നാവിക സേന. നാവികസേനാ ദിനാഘോഷത്തിന്റെ ഭാഗമായിട്ടാണ് യുദ്ധകപ്പലായ ഐ.എൻ.എസ് ശാർദുലും നേവൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എയ്റോനോട്ടിക്കൽ ടെക്നോളജി(എൻ.ഐ.എ.ടി.) മ്യൂസിയവും സന്ദർശിക്കാൻ ഭിന്നശേഷി വിദ്യാർഥികൾക്കായി നാവിക സേന അവസരമൊരുക്കിയത്. എറണാകുളം ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്ന് 200 ലധികം കുട്ടികളും അധ്യാപകരും സന്ദർശന പരിപാടിയിൽ പങ്കെടുത്തു. കപ്പലിന്റെ പ്രവർത്തന രീതിയും വിവിധ വിഭാഗങ്ങളും സംബന്ധിച്ച് വിശദീകരിച്ചുകൊണ്ടുള്ള ഗൈഡ് ടൂർ, ചെറിയ ആയുധങ്ങളുടെ പ്രദർശനം, വിവിധ നേവൽ ട്രെയിനിംഗ് സ്കൂളുകളിൽ നിന്നുള്ള പ്രദർശനങ്ങൾ എന്നിവയല്ലാം വിദ്യാർഥികൾക്ക് കൗതുക കാഴ്ചകളും ഒപ്പം പുതിയ അറിവുകൾ സമ്പാദിക്കുന്നതുമായിരുന്നു.





# മുവാറ്റുപുഴ നിർമലാ കോളേജ് എം. ജി യൂണിവേഴ്സിറ്റി ഫുട്ബോൾ ചാമ്പ്യൻമാർ

**മുവാറ്റുപുഴ:** മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഫുട്ബോൾ സ്റ്റേഡിയത്തിൽ നടന്ന എം. ജി യൂണിവേഴ്സിറ്റി ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ മുവാറ്റുപുഴ നിർമലാ കോളേജ് ചാമ്പ്യൻമാർ. യൂണിവേഴ്സിറ്റിയിലെ 150 കോളേജുകൾ തമ്മിൽ നോർത്ത്, സൗത്ത് സോണുകളായി നടന്ന മത്സരത്തിൽ മുന്നിൽ എത്തിയ 4 ടീമുകളുമായി നടന്ന ലീഗ് മത്സത്തിലെ, ആദ്യ മത്സരത്തിൽ കഴിഞ്ഞ വർഷത്തെ ചാമ്പ്യൻമാരായ മഹാരാജാസ് കോളേജിനെ 2-1 ന് നിർമലാ കോളേജ് പരാജയപ്പെടുത്തി. തുടർന്ന് നടന്ന മത്സരത്തിൽ

ബെസ്സേലിയസ് കോളേജിനെ 3-2ന് പരാജയപ്പെടുത്തിയും, അവസാന ലീഗ് മത്സരത്തിൽ കോതമംഗലം എം.എ കോളേജിനോട് 1-1 സമനില വഴങ്ങുകയും ചെയ്തത്തോടെ യാണ് ലീഗ് റൗണ്ടിലെ 3 മത്സരങ്ങളിൽ നിന്ന് 7 പോയിന്റുമായി നിർമല കോളേജ് പരാജയമറിയാതെ ഈ വർഷത്തെ എം. ജി യൂണിവേഴ്സിറ്റി ചാംപ്യന്മാരായത്. നിർമല കോളേജിലെ അദിൻ ബിജു ബെസ്റ്റ് പ്ലെയർ അവാർഡും, നിർമ്മലയുടെ ക്യാപ്റ്റൻ സി. ഫർഹാൻ മികച്ച ഗോൾ കീപ്പർ അവാർഡും കരസ്ഥമാക്കി. രണ്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് നിർമല കോളേജ് എം.ജി യൂണിവേഴ്സിറ്റി ചാമ്പ്യൻമാരാകുന്നത്. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ എം. ജി യൂണിവേഴ്സിറ്റി ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഡോ. ബിനു ജോർജ് വർഗീസ് വിജയികൾക്ക് ട്രോഫി സമ്മാനിച്ചു. ട്രോഫിയുമായി എത്തിയ വിജയികൾക്ക് കോളേജ് മാനേജ്മെന്റും, കോളേജ് യൂണിയനും, സ്റ്റാഫും, പി.ടി.എ യും ചേർന്ന് ആവേശോജ്വലമായ സ്വീകരണവും നൽകി. തുടർന്ന് നടന്ന ചടങ്ങിൽ

കോളേജ് ഫിസിക്കൽ എഡ്യുക്കേഷൻ വിഭാഗം മേധാവി ഡോ. ബോബു ആന്റണി, അധ്യാപികയായ ലിസ റെയ്ച്ചൽ സജി, ഫുട്ബോൾ കോച്ച് പി. ജെ റഫീഖ് , ടീം ക്യാപ്റ്റൻ ഫർഹാനെയും മറ്റ് ടീം അംഗങ്ങളെയും കോളേജ് പ്രിസിപ്പൽ ഫാ. ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ് അഭിനന്ദിച്ചു. ഫാ. പോൾ കളത്തൂർ, വൈസ് പ്രിൻസിപ്പൽമാരായ ഡോ. സോണി കുര്യാക്കോസ്, ഡോ. ജിജി കെ ജോസഫ്, കോളേജ് ഓട്ടോണോമസ് ഡയറക്ടർ ഡോ. കെ. വി തോമസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# രാജ്യത്ത് എല്ലാ ജില്ലകളിലും കാത്ത് ലാബുള്ള ആദ്യ സംസ്ഥാനമാകാൻ കേരളം

**ഇടുക്കി:** ജില്ലയിൽ രണ്ട് കാത്ത് ലാബുകൾ അനുവദിച്ചതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. ഇടുക്കി മെഡിക്കൽ കോളേജിലും, അടിമാലി താലൂക്ക് ആസ്ഥാന ആശുപത്രിയിലുമാണ് കാത്ത് ലാബ് അനുവദിച്ചത്. ഇടുക്കി വികസന പാക്കേജിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചത്. ഇടുക്കി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് 10.3 കോടി രൂപയുടേയും അടിമാലി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കാനായി 8.94 കോടി രൂപയുടേയും ഭരണാനുമതിയാണ് നൽകിയത്. ഇടുക്കിയിൽ കൂടി കാത്ത് ലാബ് സജ്ജമാകുന്നതോടെ രാജ്യത്ത് എല്ലാ ജില്ലകളിലും കാത്ത് ലാബുള്ള സംസ്ഥാനമായി കേരളം മാറും.

കോഴിക്കോട്, എറണാകുളം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ കഴിഞ്ഞ ദിവസം പുതുതായി കാത്ത് ലാബുകൾ അനുവദിച്ചിരുന്നു. കാത്ത് ലാബുകൾക്കും സി.സി.യുകൾക്കുമായി മൂന്ന് മെഡിക്കൽ കോളേജുകൾക്ക് 44.30 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. ഇതോടെ 5 കാത്ത് ലാബുകൾക്കാണ് പുതുതായി അനുമതി നൽകിയത്.

സംസ്ഥാനത്ത് പ്രധാന മെഡിക്കൽ കോളേജുകൾക്ക് പുറമേ ആരോഗ്യ വകുപ്പിന് കീഴിൽ 12 ആശുപത്രികളിൽ കാത്ത് ലാബ് സജ്ജമാക്കിയിട്ടുണ്ട്. കാത്ത് ലാബുകൾ ഇല്ലാതിരുന്ന കാസർഗോഡും (2023) വയനാടും (2024) ആണ് ഏറ്റവും അവസാനം കാത്ത് ലാബുകൾ സ്ഥാപിച്ചത്.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാത്ത് ലാബ് പ്രൊസീജിയറുകൾ നടക്കുന്നത് സർക്കാർ ആശുപത്രികളിലാണെന്നാണ് ഇന്റർവെൻഷണൽ കാർഡിയോളജി കൗൺസിൽ കണ്ടെത്തിയിരിക്കുന്നത്. കോട്ടയം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ്, തിരുവനന്തപുരം മെഡിക്കൽ കോളേജ്, ആലപ്പുഴ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലാണ് ഏറ്റവും കൂടുതൽ കാത്ത് ലാബ് പ്രൊസീജിയറുകൾ നടക്കുന്നത്.

# ഇന്ത്യയിലെ പ്രമേഹരോഗ സാധ്യതയിൽ പ്രധാനം ഫ്രൈ ചെയ്ത കാർബോഹൈഡ്രേറ്റുകൾ

**കൊച്ചി:** ഫ്രൈ ചെയ്ത കാർബോഹൈഡ്രേറ്റുകളുടെ ഉപഭോഗം ഇന്ത്യക്കാർക്കിടയിൽ ഏറ്റവും ഗുരുതരമായവിധത്തിൽ പ്രമേഹരോഗ സാധ്യത ഉയർത്തുന്നുവെന്ന് ഇന്റർനാഷണൽ ഡയബറ്റിസ് ഫെഡറേഷൻ (ഐ.ഡി.എഫ്) പ്രസിഡന്റ് പീറ്റർ ഷാർസ് പറഞ്ഞു. റിസർച്ച് സൊസൈറ്റി ഫോർ ദി സ്റ്റഡി ഓഫ് ഡയബറ്റിസ് ഇൻ ഇന്ത്യ (ആർ.എസ്.എസ്.ഡി.ഐ) യുടെ 53ാമത് ദേശീയ വാർഷിക സമ്മേളനത്തിൽ സംസാരിച്ച ഡോ. ഷാർസ്, കാർബോഹൈഡ്രേറ്റുകൾ അത്രയും ദോഷകരമല്ലെങ്കിലും, വറുക്കുന്നത് അവയെ വിഷലിപ്തമാക്കുമെന്നും ഇത് മെലിഞ്ഞ വ്യക്തികളിൽ പോലും കരളിൽ കൊഴുപ്പ് അടിഞ്ഞുകൂടുന്നതിലേക്ക് നയിക്കുമെന്നും മുന്നറിയിപ്പ് നൽകി.

പ്രോട്ടീൻ കുറഞ്ഞ അളവിൽ കഴിക്കുന്നതും, എണ്ണയിൽ വറുത്ത കാർബോഹൈഡ്രേറ്റുകളുടെ പതിവ് ഉപഭോഗവും, അന്തരീക്ഷ മലിനീകരണവും എല്ലാം ചേർന്ന് ഇന്ത്യക്കാരിൽ രോഗസാധ്യത പ്രത്യേകിച്ചും വർദ്ധിപ്പിക്കുന്നു,' ഡോ. ഷാർസ് പറഞ്ഞു. ”ഈ ഭക്ഷണക്രമങ്ങൾ കാരണം ഇന്ത്യയിൽ മെലിഞ്ഞ ആളുകളിൽ പോലും ഫാറ്റി ലിവർ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. വായു മലിനീകരണം പ്രമേഹ കാരണമായ അപകടകാരിയായ ഒരു പ്രധാന ഘടകമായി മാറിക്കൊണ്ടിരിക്കുന്നു

ഇപ്പോൾ വളർന്നുവരുന്നതും വായു മലിനീകരണത്തെ പ്രമേഹവുമായി ബന്ധിപ്പിക്കുന്നതുമായ ഗവേഷണ മേഖലയെ എടുത്തു കാണിച്ചുകൊണ്ട്, ഹൃദയ സംബന്ധമായ അസുഖങ്ങളും പ്രമേഹവും തമ്മിലുള്ള അടുത്ത ബന്ധത്തെക്കുറിച്ച് ഡോ. ഷാർസ് ചൂണ്ടിക്കാട്ടി. ഇന്ത്യൻ നഗരങ്ങളിലെ വായുവിന്റെ ഗുണനിലവാരം പ്രധാന ആരോഗ്യ പ്രശ്നമായി മാറിയിരിക്കുന്നു. അന്തരീക്ഷവായു ഏറ്റവും മലിനമായ ലോകത്തിലെ നഗരങ്ങളുടെ പട്ടികയിൽ നിരവധി ഇന്ത്യൻ നഗരങ്ങളുണ്ടെന്നതും അതിൽ നമ്മുടെ ദേശീയ തലസ്ഥാനമായ ന്യൂഡൽഹി ഒന്നാം സ്ഥാനത്താണ് എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

**പുതിയ മരുന്നുകളും എഐ സാങ്കേതികവിദ്യകളും പ്രതീക്ഷ നൽകുന്നു:**

പ്രമേഹ ചികിത്സാരംഗത്തും രോഗനിർണയത്തിലുമുള്ള ദ്രുതഗതിയിലുള്ള പുരോഗതിയെക്കുറിച്ചും ഡോ. ഷാർസ് ചർച്ച ചെയ്തു. ശരീരഭാരം കുറയ്ക്കുന്നതിനുള്ള ഔഷധങ്ങളുടെ വികസനത്തെ പ്രശംസിച്ച അദ്ദേഹം ഇത് പ്രമേഹ രോഗനിയന്ത്രണത്തിൽ പുതിയ സാധ്യതകൾ തുറന്നിടുന്നു വെന്നും പറഞ്ഞു. ഈ മരുന്നുകൾ തുടർച്ചയായി ഉപയോഗിക്കേണ്ടതുണ്ടെന്നും, ഒരിക്കൽ നിർത്തിയാൽ, കുറഞ്ഞ ഭാരം വീണ്ടും കൂടുമെന്നും, അങ്ങിനെ ഇത് ദീർഘകാല ആരോഗ്യ ഫലങ്ങൾ ഇല്ലാതാക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

രോഗനിർണയ രംഗത്ത്, പ്രമേഹ പരിചരണത്തിൽ പരിവർത്തനാത്മക പങ്ക് വഹിക്കാൻ കഴിവുള്ള എ.ഐ സഹായത്തോടെ പ്രവർത്തിക്കുന്ന ഗ്ലൂക്കോസ് മോണിറ്ററിംഗ് സെൻസറുകളെക്കുറിച്ച് ഡോ.ഷാർസ് ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചു. നിലവിൽ വിലയേറിയതാണെങ്കിലും, മൂന്ന് വർഷത്തിനുള്ളിൽ അവയുടെ വില ഗണ്യമായി കുറയുമെന്നും, താഴ്ന്ന, ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിലെ രോഗികൾക്ക് താങ്ങാവുന്ന വിലയിൽ അവ ലഭ്യകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**വെല്ലുവിളികൾ എടുത്തുകാട്ടി വിദഗ്ദ്ധർ**

കാർഡിയോവാസ്കുലർ റിസ്ക് പ്രിവൻഷൻ ഇൻ ടൈപ്പ് 2 ഡയബിറ്റീസ് ഇൻ ലോവർമിഡിൽ ഇൻകം കൺട്രീസ് എന്ന സിമ്പോസിയത്തിൽ ഡോ. ജ്യോതിദേവ് കേശവദേവ്, ഡോ. വി. മോഹൻ, ഡോ. ഡി. പ്രഭാകരൻ, ഡോ. ഡെന്നിസ് സേവ്യർ എന്നിവരുൾപ്പെടെ ഇന്ത്യയിൽനിന്നുള്ള പ്രമുഖ വിദഗ്ദ്ധരും പങ്കെടുത്തു. ഓൾഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ (എയിംസ്) ഡോ. എസ്. വി. മധു ഇന്ത്യയിലുള്ള വിഭിന്നങ്ങളായ പ്രമേഹത്തെക്കുറിച്ച് സംസാരിക്കവേ, എങ്ങിനെയാണ് വൈവിധ്യമാർന്ന ജനിതക, ജീവിതശൈലി, പാരിസ്ഥിതിക ഘടകങ്ങൾ പ്രമേഹ മാനേജ്മെന്റ് തന്ത്രങ്ങളെ സങ്കീർണ്ണമാക്കുന്നത് എന്ന് ഉയർത്തിക്കാട്ടി. മലപ്പുറം എഡ്യൂക്കെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസസിലെ പ്രൊഫസർ ഡോ. ബി. ജയകൃഷ്ണൻ, ജോലിസ്ഥലത്തെ സമ്മർദ്ദം തീർത്തും അവഗണിക്കപ്പെടുന്ന ഒരു പകർച്ച വ്യാധിയാകുന്നുവെന്ന കണ്ടെത്തലുകളാണ് അവതരിപ്പിച്ചത്. തങ്ങളുടെ തൊഴിൽപരമായ ഉത്തരവാദിത്തങ്ങളും വീട്ടുജോലികളും ചേർന്നുണ്ടാവുന്ന സമ്മർദ്ദങ്ങൾ കാരണം ജോലി ചെയ്യുന്ന സ്ത്രീകൾ പ്രത്യേകിച്ച് ഇതിനു കൂടുതൽ വിധേയരാവുന്നുവെന്നും അദ്ദേഹം പറഞ്ഞു.

## ഗ്രാമീണ അടിസ്ഥാനസൗകര്യ വികസനം

# 1441.24 കോടി രൂപയുടെ പദ്ധതികൾക്ക് ഉന്നതാധികാര സമിതിയുടെ അംഗീകാരം

**തിരുവനന്തപുരം:** നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ടിന്റെ (ആർ.ഐ.ഡി.എഫ്) ട്രഞ്ച് 31ന് കീഴിൽ കേരളത്തിനായി 1441.24 കോടി രൂപയുടെ വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള ഉന്നതാധികാര സമിതി തത്വത്തിൽ അംഗീകാരം നൽകി. ആർ.ഐ.ഡി.എഫ് ട്രഞ്ച് 31ന്റെ 550 കോടി രൂപയുടെ നോർമേറ്റീവ് അലോക്കേഷൻ പരിഗണിച്ചാണ് പദ്ധതികൾ ശുപാർശ ചെയ്തത്.



വനം വകുപ്പിന് 159.64 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്. ഇതിൽ റാപ്പിഡ് റെസ്പോൺസ് യൂണിറ്റുകൾ, ഫോറസ്റ്റ് സ്റ്റേഷൻ കോംപ്ലക്സുകൾ എന്നിവയുടെ നിർമ്മാണവും വനം ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനവും ഉൾപ്പെടുന്നു. വൈദ്യുതി വകുപ്പിന് കീഴിൽ കൃഷി വകുപ്പ് ഗുണഭോക്താക്കൾക്കായി 5689 സോളാർ പമ്പുകൾ സ്ഥാപിക്കുന്നതിനായി 199.70 കോടി രൂപ അനുവദിച്ചു.

ജലവിഭവ വകുപ്പിന് ജലസേചന പദ്ധതികൾക്കായി 176.42 കോടി രൂപയുടെ ശുപാർശയുണ്ട്. പഴശ്ശി , കാരാപ്പുഴ ജലസേചന പദ്ധതികളിലെ കനാലുകളുടെ നവീകരണമാണ് പ്രധാന ലക്ഷ്യം. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് തൃശൂർ, കൊല്ലം, പത്തനംതിട്ട, എറണാകുളം, മലപ്പുറം ജില്ലകളിലെ പടവ് നിലങ്ങളുടെയും കുളങ്ങളുടെയും നവീകരണവും വികസനവും ഉൾപ്പെടെ ആറ് പദ്ധതികൾക്കായി 261 കോടി രൂപ ശുപാർശ ചെയ്തു.

സാമൂഹ്യനീതി വകുപ്പിന് കീഴിൽ നിപ്മെറിൽ 250 കിടക്കകളുള്ള പുനരധിവാസ ആശുപത്രി, അക്കാദമിക് ബ്ലോക്ക് നിർമ്മാണം എന്നിവയ്ക്കായി 73.00 കോടി രൂപയാണ് ശുപാർശ ചെയ്തത്. കൃഷി വകുപ്പിന് 12 ജില്ലകളിലായി 26 സ്മാർട്ട് കൃഷിഭവനുകൾ സ്ഥാപിക്കൽ, ആലപ്പുഴ ജില്ലയിലെ വിവിധ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം, കണ്ണൂർ ജില്ലയിലെ മനുഷ്യവന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെ 176.14 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി. തീരദേശ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന് മയ്യലിലും മുല്ലക്കോടിയിലും ബോട്ട് ജെട്ടികൾ നിർമ്മിക്കൽ, ടി.എസ് കനാലിന് കുറുകെയുള്ള പാലങ്ങൾ ഉൾപ്പെടെ ആറ് പാലങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി 217 കോടി രൂപ ശുപാർശ ചെയ്തു.

കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് ആധുനിക വെയർഹൗസുകളുടെയും ഗോഡൗണുകളുടെയും നിർമ്മാണത്തിനായി 44.92 കോടി രൂപയും കേരള അഗ്രോ മെഷിനറി കോർപ്പറേഷന് വജ്ര 120 പവർ ടില്ലർ നിർമ്മാണത്തിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 36.45 കോടി രൂപയും അനുവദിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന് കോംപ്രിഹെൻസീവ് മുനിസിപ്പൽ ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ് ആൻഡ് റോഡ് റെസ്റ്റോറേഷൻ പ്രോജക്ടിന് കീഴിലുള്ള പദ്ധതികൾക്കായി 165 കോടി രൂപ നീക്കിവച്ചു. മണ്ണ് സർവേ ആൻഡ് മണ്ണ് സംരക്ഷണ വകുപ്പിന് നോർത്ത്, സൗത്ത് സോണുകളിലെ വാട്ടർഷെഡുകളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 69.46 കോടി രൂപയുടെ ശുപാർശകളാണ് അംഗീകരിച്ചത്.

മത്സ്യബന്ധനതുറമുഖ എഞ്ചിനീയറിംഗ് വകുപ്പുകൾ സമർപ്പിച്ച 243 കോടി രൂപയുടെ പദ്ധതികൾ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് പദ്ധതിക്ക് കീഴിൽ കുറഞ്ഞ പലിശ നിരക്കിൽ ഏറ്റെടുക്കാൻ ശുപാർശ ചെയ്തു. ഇതിൽ ചെല്ലാനം, ചെറുവത്തൂർ, മഞ്ചേശ്വരം ഫിഷിംഗ് ഹാർബറുകളുടെ നവീകരണവും അഴീക്കോട് ഫിഷ് ലാൻഡിംഗ് സെന്ററിനെ ഫിഷിംഗ് ഹാർബറായി ഉയർത്തുന്നതും മത്സ്യഫെഡ് നെറ്റ് ഫാക്ടറിയുടെ നിർമ്മാണവും ഉൾപ്പെടുന്നു.

ആർഐഡിഎഫ് ട്രഞ്ച് 26ന്റെ ബില്ലുകൾ സമർപ്പിക്കാനുള്ള അവസാന തീയതി 2025 ഡിസംബർ 31 വരെയാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. ആർഐഡിഎഫ് ട്രഞ്ച് 27, 2026 മാർച്ച് 31ന് അവസാനിക്കുന്നതിനാൽ ഈ ട്രഞ്ചിലെ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാനും ക്ലെയിമുകൾ സമർപ്പിക്കാനും അദ്ദേഹം നിർദ്ദേശം നൽകി.

## വനാമി ചെമ്മീൻ കൃഷി വികസന പദ്ധതിക്കായുള്ള അപേക്ഷ തീയതി നീട്ടി

**ആലപ്പുഴ:** സംസ്ഥാന ഫിഷറീസ് വകുപ്പ് ആവിഷ്ക്കരിച്ച് ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (അഡാക്ക്) വഴി നടപ്പിലാക്കുന്ന വനാമി ചെമ്മീൻ കൃഷി വികസന പദ്ധതിയുടെ 2025-26 വർഷത്തേക്കുള്ള ധന സഹായത്തിനുള്ള അപേക്ഷ തിയതി നീട്ടി. ആലപ്പുഴ ജില്ലയിൽ നിലവിൽ സ്വന്തം നിലയ്ക്കോ പാട്ടത്തിനെടുത്തോ മറ്റ് ചെമ്മീൻ കൃഷി ചെയ്യുന്നവർക്കും പുതുതായി കൃഷി സ്ഥലം വികസിപ്പിക്കുവാനായി സാഹചര്യം ഉള്ളവർക്കും നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കാം.

അപേക്ഷാ ഫോറങ്ങൾ അഡാക്കിന്റെ നീണ്ടകരയിലുള്ള ദക്ഷിണ മേഖലാ റീജിയണൽ എക്സിക്യൂട്ടിവിന്റെ ആഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ നേരിട്ട് വാങ്ങാം. പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട രേഖകളടക്കം സമർപ്പിക്കേണ്ട അവസാന തിയതി നവംബർ 15 ലേക്ക് നീട്ടി. കൂടുതൽ വിവരങ്ങൾക്കായി റീജിയണൽ എക്സിക്യൂട്ടീവ്, ദക്ഷിണ മേഖല, അഡാക്ക്, ഫിഷറീസ് കോംപ്ലക്സ്, നീണ്ടകര പി. ഒ. കൊല്ലം 691582 എന്ന വിലാസത്തിലോ 7907047852 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാം.

## 'സാഗർ കവച്' തീരദേശ സുരക്ഷാ അഭ്യാസം നടത്തി

തിരുവനന്തപുരം: കേരളത്തിനും മാഹി,ലക്ഷദ്വീപ് എന്നീ കേന്ദ്രഭരണ പ്രദേശങ്ങൾക്കുമായി 'സാഗർ കവച്' എന്ന ദ്വിദിന തീരദേശ സുരക്ഷാ അഭ്യാസം നടത്തി. കോസ്റ്റൽ ഡിഫൻസ് (സൗത്ത്) കമാൻഡർ ഇൻ ചീഫ് കൂടിയായ സതേൺ നേവൽ കമാൻഡ് ഫ്ളാഗ് ഓഫീസർ കമാൻഡിംഗ് ഇൻ ചീഫ് വൈസ് അഡ്മിറൽ സമീർ സക്സേനയുടെ നേതൃത്വത്തിൽ തീരദേശ സുരക്ഷാ പ്രവർത്തനങ്ങൾക്കും അഭ്യാസങ്ങൾക്കുമുള്ള നോഡൽ സെന്ററായ ജോയിന്റ് ഓപ്പറേഷൻസ് സെന്ററിൽ നിന്നാണ് അഭ്യാസത്തിന് ചുക്കാൻ പിടിച്ചത്. കടലിൽ നിന്ന് ഉണ്ടാകാൻ സാധ്യതയുള്ള ഭീഷണികളെ നേരിടാനുള്ള എല്ലാ ഏജൻസികളുടേയും സജ്ജീകരണങ്ങൾ വിലയിരുത്തുന്നതിനാണ് അഭ്യാസം സംഘടിപ്പിച്ചത്. ഇന്ത്യൻ നാവികസേനയുടെ കപ്പലുകൾ,കോസ്റ്റൽ പോലീസ്,കസ്റ്റംസ്,മറൈൻ എൻഫോഴ്സ്മെന്റ് വിംഗ്,കൊച്ചി തുറമുഖ അതോറിറ്റി എന്നിവയുടെ പട്രോളിംഗ് ബോട്ടുകൾ എന്നിവ കേരളത്തിന്റേയും ലക്ഷദ്വീപിന്റേയും തീരത്ത് അഭ്യാസത്തിനായി വിന്യസിച്ചിരുന്നു. ഇന്ത്യൻ നാവികസേനയുടേയും, ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റേയും വ്യോമസേനാ യൂണിറ്റുകൾ വ്യാപകമായ വ്യോമ നിരീക്ഷണവും നടത്തി. കടലിൽ ബഹുതല സുരക്ഷ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത, തുറമുഖങ്ങളുടെ സുരക്ഷാ ഘടനയുടെ സാധുത, ഭീഷണികളെ നേരിടുന്നതിന് സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുക എന്നിവയായിരുന്നു തീരദേശ സുരക്ഷാ ഘടന മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച പ്രധാന മേഖലകൾ.

# ടൈകോൺ കേരള 2025 സംരംഭക സമ്മേളനം കുമരകത്ത്

**കൊച്ചി:** സംസ്ഥാനത്തെ ഏറ്റവും വലിയ സംരംഭക സമ്മേളനമായ ടൈകോൺ കേരള 2025 നവംബർ 21, 22 തീയതികളിൽ കുമരകം ദി സൂരിയിൽ നടക്കും. പുതിയ ബിസിനസ് ആശയങ്ങൾ, അവസരങ്ങൾ, നെറ്റ്വർക്കിങ്ങ്, ഫണ്ടിങ്ങ് എന്നിവക്ക് സമ്മേളനം വേദിയൊരുക്കുമെന്ന് ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ്, മുൻ പ്രസിഡന്റ് ജേക്കബ് ജോയ്, ടൈ യൂണിവേഴ്സിറ്റി ചെയർ പേഴ്സണും, ടൈ യങ്ങ് എന്റർപ്രണേഴ്സ് ഗ്ലോബൽ ബോർഡ് മെമ്പറുമായ വിനോദിനി സുകുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ ദിവ്യ തലക്കലാട്ട് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

സെലിബ്രേറ്റിംഗ് എന്റർപ്രണർഷിപ്പ്' എന്ന പ്രമേയത്തിൽ രാജ്യത്തെ നിരവധി പ്രമുഖ വ്യവസായികൾ, മാനേജ്മന്റ് വിദഗ്ധർ, നിക്ഷേപകർ, മെന്റർമാർ, ഇന്നൊവേറ്റർമാർ, സർക്കാർ പ്രതിനിധികൾ എന്നിവർ സമ്മേളനത്തിൽ ഒത്തുകൂടും. സംരംഭകർ, സ്റ്റാർട്ടപ്പുകൾ, യുവ പ്രൊഫഷനലുകൾ, സാങ്കേതിക, മാനേജ്മന്റ് വിദ്യാർത്ഥികൾ എന്നിവർ പ്രതിനിധികളായെത്തും. വനിതാ സംരംഭകരെയും സാമൂഹിക സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിലും, ഉത്തരവാദിത്തമുള്ള സംരംഭങ്ങളുടെ കേന്ദ്രമെന്ന നിലയിൽ കേരളത്തിന്റെ പ്രശസ്തി ശക്തിപ്പെടുത്തുന്നതിലും ടൈക്കോൺ സമ്മേളനങ്ങൾ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. നവംബർ 21 ഉച്ചക്ക് 2 മണിക്ക് സമ്മേളനം ആരംഭിക്കും. ഉദ്ഘാടന സെഷനിൽ ഇന്ത്യയിലെ മുൻനിര എഫ്.എം.സി.ജി ബ്രാൻഡായ കാവിൻകെയറിന്റെ സ്ഥാപകനും ചെയർമാനുമായ സി.കെ. രംഗനാഥൻ മുഖ്യപ്രഭാഷണം നടത്തും.

അടുത്ത തലമുറയിലെ സംരംഭകരെ വളർത്തിയെടുക്കുക എന്ന സംഘടനയുടെ കാഴ്ചപ്പാടാണ് ടൈകോൺ കേരള 2025 മുന്നോട്ട് വെക്കുന്നതന്ന് ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ് പറഞ്ഞു. സാങ്കേതികവിദ്യയും നിർമ്മിത ബുദ്ധിയും ബിസിനസ് രീതികൾ പൊളിച്ചെഴുതുന്ന കാലമാണിത്. ടൈകോൺ വഴി, സംസ്ഥാനത്തെ യുവസംരംഭകരെ അതിനൂതന ഡിജിറ്റൽ അവസരങ്ങൾ പ്രയോജനപ്പെടുത്താനും ആഗോളതലത്തിൽ അവസരങ്ങൾ ഉപയോഗപ്പെടുത്താനും, ശരിയായ നെറ്റ്വർക്കുകൾ കണ്ടെത്തുവാനും ടൈക്കോൺ അവസരമൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു. ഈ വർഷത്തെ സമ്മേളനം സുസ്ഥിരത വികസന ലക്ഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് ടൈ കേരള വൈസ് പ്രസിഡന്റും ടൈകോൺ കേരള 2025 ചെയർമാനുമായ ഡോ. ജീമോൻ കോര പറഞ്ഞു. എ.ഐ, കാലാവസ്ഥാ സാങ്കേതികവിദ്യ, ആരോഗ്യ സംരക്ഷണം, നിർമ്മാണം, മൊബിലിറ്റി തുടങ്ങിയ മേഖലകളിലെ വിദഗ്ധർ പ്രത്യേക സെഷനുകൾ നയിക്കും. പുതിയ സംരംഭകർക്കും പ്രാരംഭ ഘട്ടത്തിലുള്ള സ്റ്റാർട്ടപ്പുകൾക്കും ജൂറിക്ക് മുന്നിൽ അവരുടെ നൂതന ആശയങ്ങൾ അവതരിപ്പിക്കുന്നതിനും ഓൺദിസ്പോട്ട് ഫണ്ടിംഗ് അവസരങ്ങൾ നേടാനുമുള്ള തത്സമയ വേദിയായ പിച്ച് ബേ ഈ വർഷത്തെ ടൈക്കോൺ കേരളയുടെ പ്രധാന ആകർഷണമാവും.




നിക്ഷേപകരും, വ്യവസായ പ്രമുഖരുമടങ്ങുന്ന സംഘമാണ് നവംബർ 21, 22 തിയ്യതികളിലായി നടക്കുന്ന സംരംഭക സമ്മേളനത്തിൽ പിച്ച് ബേ സെഷന് നേതൃത്വം നൽകുന്നത്. സമ്മേളനത്തിന്റെ ഭാഗമായി ടൈ കേരള അവാർഡ് ദാന ചടങ്ങും നടക്കും. സംസ്ഥാനത്തെ സംരംഭകത്വ മേഖലയ്ക്ക് നൽകിയ സംഭാവനകൾ പരിഗണിച്ച് ഏഴ് വിഭാഗങ്ങളിലായാണ് അവാർഡ്. രണ്ട് ദിവസത്തെ സമ്മേളനത്തിൽ, പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, ഫയർസൈഡ് ചാറ്റുകൾ, റൗണ്ട് ടേബിൾ മീറ്റിങ്ങുകൾ, നിക്ഷേപക സെഷനുകൾ, മൈ സ്റ്റോറി, ക്യാപിറ്റൽ കഫേ, സ്റ്റാർട്ടപ്പ് പിച്ച് ഫെസ്റ്റ് ഇവന്റ് എന്നിവ ഉൾപ്പെടും.

# സമ്മിറ്റ് ഓഫ് ഫ്യൂച്ചറിന് ആവേശം പകരാൻ 'ഗെയിം വേഴ്സ്'

**കൊച്ചി:** കേരളത്തിലെ ഇ-സ്പോർട്സ് ആരാധകർക്കും പ്രൊഫഷണലുകൾക്കും ആവേശം പകർന്നുകൊണ്ട് ഇ-സ്പോർട്സ് ഗെയിംവേഴ്സിന് കൊച്ചി ഒരുങ്ങുന്നു. ജെയിൻ യൂണിവേഴ്സിറ്റി ആതിഥേയത്വം വഹിക്കുന്ന സമ്മിറ്റ് ഓഫ് ഫ്യൂച്ചറിന്റെ രണ്ടാം പതിപ്പിലാണ് 'ഇ-സ്പോർട്സ് ഗെയിം വേഴ്സ്' അരങ്ങേറുന്നത്. ഏറ്റവും വലിയ ഗെയിമിംഗ് മാമാങ്കമാണ് ജനുവരി 29 മുതൽ ഫെബ്രുവരി ഒന്നുവരെ നടക്കുന്ന സമ്മിറ്റ് ഓഫ് ഫ്യൂച്ചറിന്റെ ഭാഗമായി ജെയിൻ യൂണിവേഴ്സിറ്റി ഒരുക്കുന്നതെന്ന് കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ് പറഞ്ഞു.

ഇ-സ്പോർട്സ് തന്നെയാണ് നവ ആശയങ്ങൾ, വിദ്യാഭ്യാസം, വിനോദം എന്നിവ സംയോജിപ്പിക്കുന്ന ഉച്ചകോടിയുടെ ഈ വർഷത്തെ പ്രധാന ആകർഷണം. കഴിഞ്ഞ ആറ് വർഷമായി കേരളത്തിലെ ഇ-സ്പോർട്സ് മേഖലയെ ശക്തിപ്പെടുത്താൻ പ്രവർത്തിക്കുന്ന ഓൾ കേരള ഇ-സ്പോർട്സ് ഫെഡറേഷന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. കേരളത്തിലെ പ്രമുഖ ഗെയിമിംഗ് ഇൻഫ്ളുവൻസർമാരും പാൻഇന്ത്യൻ ഇ-സ്പോർട്സ താരങ്ങളും അണിനിരക്കുന്ന വമ്പൻ ടൂർണമെന്റുകൾ, ഗെയിമിംഗ് വർക്ക്ഷോപ്പുകൾ, ഇൻഫ്ളുവൻസർ മീറ്റുകൾ, ലൈവ് ടൂർണമെന്റുകൾ എന്നിവ മാമാങ്കത്തിന് മാറ്റുകൂട്ടും. സമ്മിറ്റിലെത്തുന്ന ഗെയിം പ്രേമികൾക്ക് തങ്ങളുടെ പ്രിയപ്പെട്ട താരങ്ങളെയും ഇൻഫ്ളുവൻസർമാരെയും നേരിൽ കാണാനും സംവദിക്കാനും അവസരമുണ്ടാകും. കൂടാതെ, ആധുനിക ഗെയിമിംഗ് സാങ്കേതികവിദ്യകൾ നേരിട്ട് അനുഭവിച്ചറിയാൻ എക്സ്പീരിയൻസ് സോണുകളും ഒരുക്കിയിട്ടുണ്ട്.

ആഗോളതലത്തിൽ കോടിക്കണക്കിന് ഡോളറിന്റെ വ്യവസായമായി മാറിയ ഇ-സ്പോർട്സ്, വിനോദം എന്നതിലുപരി വലിയ സാമ്പത്തിക, തൊഴിൽ സാധ്യതകൾ കൂടി തുറന്നിടുന്നുണ്ട്. 'ഗെയിം വേഴ്സ്' കേവലം ഒരു ടൂർണമെന്റ് എന്നതിലുപരി കേരളത്തിലെ ഇ-സ്പോർട്സ് ഇക്കോസിസ്റ്റത്തിനുള്ള ബിസിനസ് പ്ലാറ്റ്ഫോം കൂടിയായാണ് ഒരുങ്ങുന്നത്. ഗെയിമിംഗ് സ്റ്റാർട്ടപ്പുകൾ, കണ്ടന്റ് ക്രിയേറ്റർമാർ, സ്ട്രീമർമാർ, ഇവന്റ് മാനേജ്മെന്റ് കമ്പനികൾ എന്നിവർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും അവതരിപ്പിക്കാനും നിക്ഷേപകരുമായി സംവദിക്കാനും ഇവിടെ അവസരമൊരുങ്ങും. ഇ-സ്പോർട്സ് കരിയറായി തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് പ്രൊഫഷണലുകൾ നയിക്കുന്ന വർക്ക്ഷോപ്പുകളിലൂടെ ഗെയിം കാസ്റ്റിംഗ്, അനാലിസിസ്, മാനേജ്മെന്റ് തുടങ്ങിയ മേഖലകളെക്കുറിച്ച് അറിയാനും മാർഗ്ഗനിർദ്ദേശം നേടാനും നെറ്റ്വർക്ക് സൃഷ്ടിക്കാനും ഇത് നിർണ്ണായക വേദിയാകുമെന്നും ഡോ. ടോം ജോസഫ് പറഞ്ഞു.

ഇ-സ്പോർട്സ് രംഗത്ത് കേരളത്തിൽ നിന്നുള്ള പ്രതിഭകളെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലേക്ക്, പ്രത്യേകിച്ച് ഒളിമ്പിക്സ് പോലുള്ള വലിയ വേദികളിലേക്ക് എത്തിക്കുക എന്നതാണ് ലക്ഷ്യമെന്ന് ഓൾ കേരള ഇ-സ്പോർട്സ് ഫെഡറേഷൻ പ്രസിഡന്റ് അമൽ അർജുൻ പറഞ്ഞു. ജെയിൻ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള 'ഗെയിം വേഴ്സ്' ആ സ്വപ്നത്തിലേക്കുള്ള നിർണ്ണായക ചുവടുവെപ്പായി മാറുമെന്നും അദ്ദേഹം വ്യക്തമാക്കി.

# ജോയ് ആലുക്കാസിൽ 'ബ്രില്യൻസ് ഡയമണ്ട് ജ്വല്ലറി ഷോ'

**കൊച്ചി:** ആഗോള ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസ്, ഡയമണ്ട് ജ്വല്ലറികൾക്ക് മാത്രമായി 'ബ്രില്യൻസ് ഡയമണ്ട് ജ്വല്ലറി ഷോ' ആരംഭിച്ചു. നവംബർ 23 വരെ കൊച്ചി എം.ജി റോഡുള്ള ജോയ് ആലുക്കാസ് ഷോറൂമിലാണ് പ്രത്യേക പ്രദർശനം നടക്കുക. വിവാഹ ആഭരണങ്ങൾ മുതൽ നിത്യോപയോഗ മോഡലുകൾ വരെ, പരമ്പരാഗത തനിമയും ആധുനിക ഡിസൈനുകളും ചേർന്ന അപൂർവമായ ഡയമണ്ട് കളക്ഷനാണ് പ്രദർശനത്തിന്റെ ഭാഗമായി ഒരുക്കുന്നത്.

ഒരുലക്ഷം രൂപയ്ക്ക് മുകളിൽ ഡയമണ്ട് ആഭരണങ്ങൾ പർച്ചേസ് ചെയ്യുന്നവർക്ക് സ്വർണ നാണയം സമ്മാനമായി ലഭിക്കും. ഓരോ ആളുകൾക്കും അനുയോജ്യമായ തരത്തിൽ, നൂതന ഫാഷനിലും ഡിസൈനിലുമുള്ള വജ്രാഭരണങ്ങൾ കരസ്ഥമാക്കാനുള്ള അവസരമാണ് ഉപഭോക്താക്കൾക്കായി നൽകുന്നതെന്ന് ജോയ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ഡോ. ജോയ് ആലുക്കാസ് പറഞ്ഞു.

ജ്വല്ലറി വ്യവസായ രംഗത്തെ ജോയ് ആലുക്കാസിന്റെ യാത്രയിൽ കൊച്ചിക്ക് പ്രത്യേക സ്ഥാനമാണുള്ളതെന്നും ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച ആഭരണങ്ങൾ നൽകുന്നതിന് എക്കാലവും പ്രതിബദ്ധത പുലർത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജോയ്ആലുക്കാസിന്റെ എം.ജി റോഡ് ഷോറൂമിൽ നടക്കുന്ന പ്രദർശനമേള ഈമാസം 23ന് അവസാനിക്കും.

## ജെഎം ഫിനാൻഷ്യലിന് 270 കോടി രൂപ മൊത്ത ലാഭം

**കൊച്ചി:** പ്രമുഖ ധനകാര്യ സ്ഥാപനമായ ജെഎം ഫിനാൻഷ്യൽ സെപ്തംബർ 30 ന് അവസാനിച്ച രണ്ടാം പാദത്തിൽ നികുതിക്കു ശേഷം 270 കോടി രൂപ മൊത്ത ലാഭം നേടി. മുൻ സാമ്പത്തിക വർഷം ഇതേ പാദത്തെയപേക്ഷിച്ച് 2026 സാമ്പത്തിക വർഷം രണ്ടാം പാദത്തിൽ ലാഭം 16 ശതമാനം വർധിച്ചതായി കഴിഞ്ഞ ദിവസം പുറത്തിറക്കിയ ഓഡിറ്റു ചെയ്യാത്ത റിപ്പോർട്ട് വ്യക്തമാക്കുന്നു. ഓഹരി ഒന്നിന് 1.5 രൂപ വീതം ഇടക്കാല ലാഭ വിഹിതവും പ്രഖ്യാപിച്ചിട്ടുണ്ട്. ഫീസ്, കമ്മീഷൻ ഇനങ്ങളിലായി 341 കോടി രൂപയുടെ എക്കാലത്തേയും ഉയർന്ന വരുമാനമാണ് രണ്ടാം പാദത്തിൽ കമ്പനി നേടിയത്. മുൻവർഷം ഇതേ പാദത്തെയപേക്ഷിച്ച് 20 ശതമാനം വളർച്ചയുണ്ടായി. കൈകാര്യം ചെയ്യുന്ന ആസ്തിയിലും വർധനവുണ്ട്.

പതിനൊന്ന് പുതിയ ശാഖകൾ കൂടി വന്നതോടെ വിൽപന മുൻവർഷത്തെയപേക്ഷിച്ച് 43 ശതമാനം വർധിച്ചു. കമ്പനി കൈകാര്യം ചെയ്യുന്ന ആസ്തി 26 ശതമാനം ഉയർന്ന് 32,021 കോടി രൂപയുടേതായി. മ്യൂച്വൽ ഫണ്ട് ശരാശരി ആസ്തി 30 ശതമാനം ഉയർന്ന് 14,902 കോടി രൂപയായി. എസ്.ഐ.പിയിലൂടെ പ്രതിമാസം 115 കോടി രൂപയാണ് ലഭിച്ചത്. ഭവന വായ്പ ആസ്തി 28 ശതമാനം വളർന്ന് 3,031 കോടി രൂപയായി. ഉപഭോക്താക്കളുടെ എണ്ണത്തിൽ 29 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. പ്രഥമിക ഓഹരി വിൽപനയിലൂടെയുള്ള (ഐ.പി.ഒ) ധന വിനിമയം ഗണ്യമായി ഉയർന്നിട്ടുണ്ട്. മിടുക്കരായ ജീവനക്കാരെ നിയമിച്ച് അടിത്തറ വികസിപ്പിക്കാനും ഉപഭോക്താക്കളുടെ എണ്ണം വർധിപ്പിക്കാനുമുള്ള ശ്രമം നടന്നു വരികയാണെന്നു കമ്പനി വൈസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വിശാൽ കംപാനി വ്യക്തമാക്കി.

## ഫിസിക്സ്വാല ലിമിറ്റഡ് ഐ.പി.ഒ നവംബർ 11 മുതൽ

**കൊച്ചി:** ഫിസിക്സ്വാല ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐ.പി.ഒ) നവംബർ 11 മുതൽ 13 വരെ നടക്കും. 3480 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 3100 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 380 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐ.പി.ഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 103 മുതൽ 109 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 137 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 137 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. അർഹരായ ജീവനക്കാർക്കുള്ള വിഭാഗത്തില് ഓഹരി ഒന്നിന് 10 രൂപ വീതം ഡിസ്കൗണ്ട് ലഭിക്കും. കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ജെ.പി മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ഗോൾഡ്മാൻ സാക്സ് (ഇന്ത്യ) സെക്യൂരിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## ഓപ്പൺ ബോക്സ് സെയിലുമായി ലുലു കണക്ക്

**കൊച്ചി:** ലുലു കണക്ടിൽ 70 ശതമാനം വരെ വിലക്കുറവ് ഒരുക്കി ഓപ്പൺ ബോക്സ് വിൽപ്പന ആരംഭിച്ചു. നവംബർ 11 വരെ വിൽപ്പന തുടരും. ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ഗൃഹോപകരണങ്ങൾ, ഫ്രിഡ്ജ്, വാഷിങ്ങ് മെഷിൻ, സ്മാർട്ട് ടി.വി, ലാപ്ടോപ്, മൊബൈൽ ഫോൺ എന്നിവ മികച്ച വിലക്കുറവിൽ സ്വന്തമാക്കാം. ഓപ്പൺ ബോക്സ് വിൽപ്പനയ്ക്ക് പുറമേ മെഗാ ക്ലിയറൻസ് വിൽപ്പനയുമായി ലുലു ഫാഷനും ആകർഷകമായ ഓഫർ ഉപഭോക്താക്കൾക്കായി ഒരുക്കിയിട്ടുണ്ട്. ഫാഷൻ സ്റ്റോറിലെ ഓൺബ്രാൻഡ് ഒരുക്കുന്ന വിൽപ്പന വഴി കിഡ്സ്, ലേഡീസ്, ജെൻസ് ഉൾപ്പടെ എല്ലാ വിഭാഗത്തിലുമുള്ളവരുടെ ഇഷ്ട വസ്ത്രങ്ങൾ മികച്ച വിലക്കുറവിൽ സ്വന്തമാക്കാം. ഫാഷൻ സ്റ്റോർ ഒരുക്കുന്ന മെഗാ ക്ലിയറൻസ് സെയിൽ ഈ മാസം 30ന് സമാപിക്കും.

## സൗജന്യ നട്ടെല്ല് പരിശോധനാ ക്യാംപ്

**കൊച്ചി:** നട്ടെല്ല് സംബന്ധമായ രോഗങ്ങൾക്കുള്ള സൗജന്യ പരിശോധന ക്യാംപ് നവംബർ 11 മുതൽ കൊച്ചി വിപിഎസ് ലേക്ഷോർ ആശുപത്രിയിൽ നടക്കും. സ്പൈൻ സർജറി വിഭാഗത്തിലെ വിദഗ്ധർ നയിക്കുന്ന ക്യാംപിന് വകുപ്പ് മേധാവി ഡോ. കൃഷ്ണകുമാർ നേതൃത്വം നൽകും. കുട്ടികളിലേയും മുതിർന്നവരിലേയും നട്ടെല്ലിലെ വളവ്, കൂന്, കഴുത്ത് വേദന, നടുവേദന, ഡിസ്ക് തേയ്മാനം, ഡിസ്ക് പ്രൊലാപ്സ്, നട്ടെല്ലിന്റെ കണ്ണി അകൽച്ച തുടങ്ങിയ രോഗങ്ങൾക്കുള്ള പരിശോധന ക്യാംപിൽ നടക്കും. ലാബ് പരിശോധനകൾക്ക് 10% ഇളവും റേഡിയോളജി സേവനങ്ങൾക്ക് 20% ഇളവും ലഭിക്കും. ക്യാംപിലെ പരിശോധനയിൽ നട്ടെല്ലിന് ശസ്ത്രക്രിയ ആവശ്യമുള്ളതായി കണ്ടെത്തുന്നവർക്ക് സർജറിക്ക് 10% ഇളവും ലഭിക്കും. നവംബർ 25ന് സമാപിക്കും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും: 7594001279.

# ആസ്റ്റർ ഡി.എം ഹെൽത്ത്കെയറിന് 1,197 കോടി വരുമാനം

**കൊച്ചി:** രാജ്യത്തെ മുൻനിര ആരോഗ്യ സേവന ദാതാക്കളായ ആസ്റ്റർ ഡി.എം ഹെൽത്ത്കെയർ, നടപ്പ് സാമ്പത്തിക വർഷത്തിലെ രണ്ടാം പാദ സാമ്പത്തിക ഫലം പുറത്തുവിട്ടു. ഈ വർഷം ജൂലൈ മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിലെ ഫലമാണ് പുറത്തുവിട്ടിരിക്കുന്നത്. ഈ പാദത്തിൽ കമ്പനിയുടെ മൊത്തം വരുമാനം 1,197 കോടിയായി വർധിച്ചു. കഴിഞ്ഞ പാദത്തെ അപേക്ഷിച്ച് 11 ശതമാനം വർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തെ അപേക്ഷിച്ച് വരുമാനത്തിൽ പത്ത് ശതമാനത്തിന്റെ വർധനവാണ് ഉണ്ടായിരിക്കുന്നത്. കമ്പനിയുടെ പ്രവർത്തന ലാഭവും (ഓപ്പറേറ്റിംഗ് എബിറ്റ്ഡ) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 13 ശതമാനം കൂടിയിട്ടുണ്ട്.

കഴിഞ്ഞ പാദവുമായി താരതമ്യം ചെയ്യുമ്പോൾ, ഇത് 22 ശതമാനം വർധിച്ച് 263 കോടി രൂപയിലെത്തി. എബിറ്റ്ഡ മാർജിനുകൾ 22 ശതമാനമായും മെച്ചപ്പെട്ടു. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിലെ 21.4 ശതമാനത്തേക്കാളും, നടപ്പ് സാമ്പത്തിക വർഷത്തിലെ ഒന്നാം പാദത്തിലെ 20 ശതമാനത്തേക്കാളും കൂടുതലാണ്. നോൺകൺട്രോളിംഗ് ഇന്ററസ്റ്റ് കിഴിച്ചുള്ള കമ്പനിയുടെ സാധാരണ ലാഭം (നോർമലൈസ്ഡ് പ്രോഫിറ്റ് ആഫ്റ്റർ ടാക്സ്) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 14 ശതമാനവും, കഴിഞ്ഞ പാദത്തെ അപേക്ഷിച്ച് 23 ശതമാനവും വർധിച്ച് 110 കോടി രൂപയിലെത്തി. പ്രവർത്തന മികവിലും, സേവനത്തിലും ആസ്റ്റർ പുലർത്തുന്ന അചഞ്ചലമായ സൂക്ഷ്മതയെ പ്രതിഫലിപ്പിക്കുന്നതാണ്, ഈ സാമ്പത്തിക ഫലമെന്ന് ആസ്റ്റർ ഡി.എം. ഹെൽത്ത്കെയർ സ്ഥാപകനും ചെയർമാനുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

പ്രവർത്തന ലാഭം കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 13 ശതമാനവും, നടപ്പ് സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തേക്കാൾ 22 ശതമാനവും വർധിച്ചു. ഇത് ചിലവുകളുടെ നിയന്ത്രണവും, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയും മെച്ചപ്പെട്ടതിന്റെ സൂചനയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ആസ്റ്ററിന്റെ കേരളത്തിലെ ആശുപത്രികൾ ശ്രദ്ധേയമായ മുന്നേറ്റമാണ് നടത്തിയെതെന്നും ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. 620 കോടി രൂപയുടെ ഏറ്റവും ഉയർന്ന ത്രൈമാസ വരുമാനമാണ് രേഖപ്പെടുത്തിയത്. ഇത് മുൻ പാദത്തേക്കാൾ 12 ശതമാനം കൂടുതലാണ്. ഇൻ പേഷ്യന്റ് വോളിയത്തിൽ 13 ശതമാനവും, മെഡിക്കൽ വാല്യൂ ട്രാവൽ വരുമാനത്തിൽ 67 ശതമാനവും വർധനവുണ്ടായതാണ് ഈ വളർച്ചക്ക് കാരണം.

കേരളത്തിന്റെ പ്രവർത്തന ലാഭം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 19 ശതമാനം വർധിച്ചു. മാർജിനുകൾ ഒരു വർഷം മുൻപുള്ള 25 ശതമാനത്തിൽ നിന്ന് 26.8 ശതമാനമായി ഉയർന്നു. നേതൃത്വത്തിലെയും പ്രവർത്തന രീതികളിലെയും മെച്ചപ്പെടുത്തലുകൾ, എം.വി.ടി പങ്കാളിത്തങ്ങളുടെ പുനരുജ്ജീവനം എന്നിവയെ തുടർന്നാണ്, മികച്ച പ്രകടനം നടത്താനായത്. വടക്കൻ കേരളത്തിലെ ആസ്റ്ററിന്റെ സാന്നിധ്യം കൂടുതൽ ശക്തിപ്പെടുത്തുന്ന, 264 കിടക്കകളുള്ള ആസ്റ്റർ കാസർകോട് ആശുപത്രിയുടെ വരവോടെ, ഈ മുന്നേറ്റം തുടരുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം വ്യക്തമാക്കി.

# കോർപ്പറേറ്റ് ലോകം പ്രതീക്ഷിക്കുന്നത് തുടർച്ച

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ ഫിനിഷിംഗ് സ്കൂൾ 2025 എറണാകുളം ജില്ലാ കലക്ടർ ജി. പ്രിയങ്ക ഉദ്ഘാടനം ചെയ്തു. എൻജിനിയറിംഗ് ഗ്രാജ്വേഷൻ സമയത്ത് കോർപറേറ്റ് ജോലിക്ക് ശ്രമിച്ചപ്പോൾ അവിടുത്തെ ലോകം വളരെ വ്യത്യസ്തമായാണ് തനിക്ക് അനുഭവപ്പെട്ടതെന്ന് കലക്ടർ ജി. പ്രിയങ്ക പറഞ്ഞു. ആദ്യത്തെ ആറുമാസം ഈ ക്രമങ്ങളെല്ലാം പഠിച്ചെടുക്കാനും സ്വീകരിക്കാനും വലിയ ബുദ്ധിമുട്ടുകൾ നേരിട്ടെങ്കിലും പിന്നീടത് മനസ്സിലാക്കാനായി.

കോർപറേറ്റ് ലോകം വേറെ തരത്തിലാണ് പ്രതീക്ഷകൾ വെച്ചുപുലർത്തുന്നത്. ഏതൊരു രീതിയിൽ നോക്കിയാലും തുടർച്ച ഉണ്ടാവുകയെന്നത് പ്രധാനപ്പെട്ട സംഗതിയാണ്. ലാഭം വർധിപ്പിക്കുകയും പുതിയ തലത്തിലേക്ക് എങ്ങനെ പോകാനാകുമെന്നുമാണ് കോർപറേറ്റ് ലോകം നോക്കുന്നത്. ജീവനക്കാരെയും തൊഴിൽ രീതികളെയും മികച്ച രീതിയിൽ കൊണ്ടുപോകാൻ സാധിക്കും. ഇരുപത് ശതമാനം ശ്രമം നടത്തിയാൽ 80 ശതമാനം ഫലം കിട്ടിയേക്കും. എന്നാൽ അവസാനത്തെ 20 ശതമാനം ഫലം കിട്ടണമെങ്കിൽ ബാക്കിയുള്ള 80 ശതമാനം ശ്രമം തന്നെ എടുക്കേണ്ടി വരുമെന്നും ജി. പ്രിയങ്ക പറഞ്ഞു.

നിർമിത ബുദ്ധിയുടെ സഹായത്തോടെ ചെയ്യാനാവുന്ന പ്രവർത്തികൾ അത്തരത്തിൽ നിർവഹിക്കാൻ ശ്രമിക്കണമെന്നും കലക്ടർ ആവശ്യപ്പെട്ടു. പഠനമെന്നത് ജീവിതകാലം മുഴുവനുമുള്ള പദ്ധതിയാണെന്ന് തിരിച്ചറിയുകയും വേണം. കഠിന പ്രയത്നം എന്നതിനോടൊപ്പം സ്മാർട്ട് വർക്കിനു കൂടി പ്രാധാന്യം കൊടുക്കണം. കോർപറേറ്റ് ജോലിയിലേക്ക് പോകുമ്പോൾ തുടർച്ചയായ മികവിന്റെ ലോകത്തേക്കാണ് പോകുന്നതെന്നു കൂടി തിരിച്ചറിയണമെന്ന കലക്ടർ ജി. പ്രിയങ്ക പറഞ്ഞു. കെ.എം.എ പ്രസിഡന്റ് കെ. ഹരികുമാർ അധ്യക്ഷത വഹിച്ചു. ഫിനിഷിംഗ് സ്കൂൾ ചെയർ എബ്രഹാം ഓലിക്കൽ, ട്രഷറർ ഡോ. അനിൽ ജോസഫ് തുടങ്ങിയവർ സംസാരിച്ചു




# എൻ.ഡി.എൽ.ഐ പുരസ്ക്കാരം ഭവൻസ് റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്

**കൊച്ചി:** തൃപ്പൂണിത്തുറ ഭവൻസ് റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന് 2025ലെ കേരളത്തിലെ മികച്ച പ്രകടനം കാഴ്ചവെച്ച എൻ.ഡി.എൽ.ഐ ക്ലബ്ബ് അവാർഡ് ലഭിച്ചു. കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്പോൺസർഷിപ്പിൽ ഐ.ഐ.ടി ഖരഗ്പൂർ വികസിപ്പിച്ചെടുത്ത ഡിജിറ്റൽ പഠന വിഭവങ്ങളുടെ വെർചൽ ശേഖരമായ നാഷണൽ ഡിജിറ്റൽ ലൈബ്രറി ഓഫ് ഇന്ത്യയാണ് (എൻ.ഡി.എൽ.ഐ) പുരസ്കാരം സമ്മാനിച്ചത്.

കൽക്കത്തയിലെ ഐ.ഐ ടി ഖരഗ്പൂരിൽ നടന്ന മൂന്നു ദിവസത്തെ കെ.ഇ.ഡി.എൽ.ഡി 2025 (വിജ്ഞാന ശാക്തീകരണവും ഡിജിറ്റൽ ലൈബ്രറി വികസനവും) സിംപോസിയത്തിലായിരുന്നു അവാർഡ് ദാനം. കോളേജ് ഡീൻ ഡോ. ദീപ ഉണ്ണിത്താനും അസിസ്റ്റന്റ് ലൈബ്രേറിയൻ ഗൗതമി സതീഷുമാണ് പുരസ്കാരം ഏറ്റുവാങ്ങിയത്. വിദ്യാർഥികളെ ഉൾപ്പെടുത്തുന്നതിനും സർഗ്ഗാത്മകത വളർത്തുന്നതിനും അക്കാദമിക് മികവിനെ പിന്തുണയ്ക്കുന്നതിനുമായി നാഷണൽ ഡിജിറ്റൽ ലൈബ്രറി ഓഫ് ഇന്ത്യയുടെ ക്ലബ്ബ് പ്ലാറ്റ്ഫോം കോളേജ് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനാണ് പുരസ്കാരം.



# സൗജന്യ പ്രമേഹ പരിശോധനാ ക്യാമ്പ്

**കൊച്ചി:** ലോക പ്രമേഹ ദിനത്തോടനുബന്ധിച്ച് കാക്കനാട് സൺറൈസ് ആശുപത്രിയിൽ സൗജന്യ പ്രമേഹ പരിശോധനാ ക്യാമ്പ് സംഘടിപ്പിക്കുന്നു. നവംബർ 14ന് രാവിലെ എട്ട് മുതൽ 12 വരെയാണ് ക്യാമ്പ്. ഈ മാസം 12 വരെ മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്കാണ് ക്യാമ്പിന്റെ ആനുകൂല്യങ്ങൾ ലഭ്യമാവുക. എച്ച്ബിഎ1സി, ജിആർബിഎസ്, യൂറിൻ മൈക്രോ ആൽബുമിൻ, ബയോതിസിയോമെട്രി, ബിഎംഐ മുതലായ പരിശോധനകളും സൗജന്യ ഡോക്ടർ കൺസൾട്ടേഷനും സഹിതം 3000 രൂപയുടെ സേവനങ്ങൾ ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് സൗജന്യമായി ലഭിക്കുന്നതാണ്. പ്രമേഹ ദിനാചരണത്തിന്റെ ഭാഗമായി ഡയബറ്റിക് എക്സർസൈസുകൾ, ഡയറ്റ് കൗൺസലിംഗ്, വിദഗ്ധ ഡോക്ടർമാരുടെ പാനൽ ചർച്ച എന്നിവയ്ക്ക് പുറമേ പ്രമേഹവുമായി ബന്ധപ്പെട്ടു പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനുള്ള അവസരങ്ങളും ഉണ്ടായിരിക്കുന്നതാണ്.കൂടുതൽ വിവരങ്ങൾക്ക്: 9745522722

# ഹർമൻപ്രീത് കൗർ ഒമാക്സ് ബ്രാൻഡ് അംബാസഡർ

**ന്യൂഡൽഹി:** രാജ്യത്തെ പ്രമുഖ റിയൽ എസ്റ്റേറ്റ് ഡെവലപ്പർ കമ്പനിയായ ഒമാക്സ് ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ ഹർമൻപ്രീത് കൗറിനെ തങ്ങളുടെ ബ്രാൻഡ് അംബാസഡറായി നിയമിച്ചു. കായിക മികവിനെ പിന്തുണയ്ക്കുന്നതിനും അത്‌ലറ്റുകൾക്ക് മികവ് നേടാൻ കഴിയുന്ന അടിസ്ഥാനസൗകര്യ വികസനം നടത്തുന്നതിനുമുള്ള ഒമാക്സിന്റെ ശ്രമങ്ങൾക്ക് കരുത്തുപകരാനാണ് ഹർമൻപ്രീതുമായുള്ള സഹകരണമെന്ന് ഒമാക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മോഹിത് ഗോയൽ പറഞ്ഞു.

സഹകരണത്തിന് കീഴിൽ കായികമേഖലയിലെ വികസന പരിപാടികൾ, അടിസ്ഥാനതലത്തിലുള്ള സമ്പർക്കം, കമ്മ്യൂണിറ്റി ഇവന്റുകൾ, സ്പോർട്സിനെ ഒരു പ്രായോഗിക കരിയറായും ശാക്തീകരണ സ്രോതസ്സായും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ കാമ്പെയ്നുകൾ എന്നിവയുൾപ്പെടെയുള്ള സംരംഭങ്ങളിൽ ഹർമൻപ്രീത് കൗർ ഒമാക്സുമായി സഹകരിക്കും. സ്ത്രീ ശാക്തീകരണത്തിലും കായികമേഖലയിൽ സ്ത്രീകളുടെ കൂടുതൽ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിലും, പെൺകുട്ടികൾക്ക് തങ്ങളുടെ അഭിലാഷങ്ങൾ ആത്മവിശ്വാസത്തോടെ പിന്തുടരാൻ പ്രചോദനം നൽകുന്നതിലുമായിരിക്കും ഒമാക്സിന്റെ പ്രധാന ശ്രദ്ധ. യുവജനതയെ ശാക്തീകരിക്കുന്നതിലും വിവിധ സമൂഹങ്ങളെ ശക്തിപ്പെടുത്തുന്നതിലും സ്വപ്നങ്ങൾക്ക് പ്രചോദനം നൽകുന്നതിലും അവയെ നേട്ടങ്ങളാക്കി മാറ്റുന്ന സൗകര്യങ്ങൾ നിർമ്മിക്കുന്നതിലും കമ്പനിയുമായി സഹകരിക്കുന്നതിൽ അഭിമാനിക്കുന്നതായി ഹർമൻപ്രീത് പറഞ്ഞു.

# 'പിച്ച് കേരള' സ്റ്റാർട്ടപ്പ് പിച്ചിംങ്ങ് മത്സരം: അവസരം നവംബർ 30 വരെ

**കൊച്ചി:** കേരളത്തിലെ യുവജനതയ്ക്കിടയിൽ സംരംഭകത്വ പരിശീലനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവജനങ്ങൾക്കായി സ്റ്റാർട്ടപ്പ് പിച്ചിങ്ങ് മത്സരം സംഘടിപ്പിക്കുന്നു. പിച്ച് കേരള എന്ന് പേരിട്ടിരിക്കുന്ന മത്സരത്തിൽ 15 മുതൽ 42 വയസ് വരെ പ്രായമുള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ളവർക്ക് ഏയ്റോസ്പേസ് ആൻഡ് ഡിഫൻസ്, കൃഷി ആൻഡ് ലൈഫ് സയൻസസ്, സാമ്പത്തിക സേവനം, കാലാവസ്ഥ, നിർമ്മാണം, വിദ്യാഭ്യാസം, ഭക്ഷ്യ സംസ്കരണം, ആരോഗ്യ സംരക്ഷണം, ഐടി/ഐടിഇഎസ്, മൊബിലിറ്റി, ഊർജ്ജം, മറ്റുള്ളവ എന്നീ പ്രധാന മേഖലകളുമായി ബന്ധപ്പെട്ട തങ്ങളുടെ നൂതന സംരംഭക ആശയങ്ങൾ അവതരിപ്പിക്കാം. ആശയങ്ങൾ ഒരു നിശ്ചിത പിച്ച് ഡെക്ക് രൂപത്തിൽ തയ്യാറാക്കി pitchkerala@gmail.com എന്ന ഇമെയിൽ ഐ.ഡിയിലേക്ക് അയക്കണം. അവസാന തീയതി നവംബർ 30.

# ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവ്: അഭിമുഖം നവംബർ 10ന്

**കൊച്ചി:** കളമശ്ശേരി ഗവൺമെന്റ് ഐ.ടി.ഐയിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഗസ്റ്റ് ഇൻസ്ട്രക്ടർ) തസ്തികയിലുള്ള ഒഴിവിലേക്ക് അഭിമുഖം നടത്തുന്നു. മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക് അപ്ലയൻസസ് ട്രേഡിലാണ് നിയമനം. താൽപര്യമുള്ള ഉദ്യോഗാർഥികൾ നവംബർ 10 ന് രാവിലെ 11 ന് അസൽ രേഖകൾ സഹിതം കളമശ്ശേരി ഐ.ടി.ഐയിൽ ഹാജരാകണം. യോഗ്യത: ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആൻഡ് ടെലികമ്മ്യൂണിക്കേഷൻ, അല്ലെങ്കിൽ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എന്നീ വിഷയങ്ങളിൽ അംഗീകൃത എഞ്ചിനീയറിങ് ഡിഗ്രിയും ഒരു വർഷത്തെ പ്രവൃത്തി പരിചയവുമാണ് ഒരു മാനദണ്ഡം. അല്ലെങ്കിൽ, ഇതേ വിഷയങ്ങളിലുള്ള മൂന്ന് വർഷത്തെ അംഗീകൃത ഡിപ്ലോമയും രണ്ട് വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം. അല്ലെങ്കിൽ മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലയൻസസ് ട്രേഡിൽ എൻ.ടി.സി/എൻ.എ.സിയും , മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും വേണം.

# കേരളത്തിൽ നിന്നുള്ള അന്തർസംസ്ഥാന ടൂറിസ്റ്റ് ബസുകൾ ഇന്ന് മുതൽ സർവ്വീസ് നിർത്തുന്നു

**കൊച്ചി:** ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് (ഐ.ഐ.ടി.പി) വാഹനങ്ങൾക്കെതിരെ തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ അന്യായ നികുതി ഈടാക്കൽ, കനത്ത പിഴ ചുമത്തൽ, വാഹനങ്ങൾ സീസ് ചെയ്യൽ തുടങ്ങിയ നിയമവിരുദ്ധ നടപടികൾ തുടരുന്ന സാഹചര്യത്തിൽ, കേരളത്തിൽ നിന്നും തമിഴ്നാട്, കർണാടക എന്നിവടങ്ങളിലേക്കുള്ള മുഴുവൻ ടൂറിസ്റ്റ് ബസുകളുടെയും സർവ്വീസ് ഇന്ന് വൈകുന്നേരം 6 മണിമുതൽ നിർത്തിവയ്ക്കാൻ തീരുമാനിച്ചതായി ലക്ഷ്വറി ബസ് ഓണേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡിന്റ് എ. ജെ റിജാസ്, ജനറൽ സെക്രട്ടറി മനീഷ് ശശിധരൻ എന്നിവർ വാർത്താക്കുറിപ്പിൽ അറിയിച്ചു.

വാഹനളടമകൾക്കും ഡ്രൈവർമാർക്കും യാത്രക്കാർക്കും സുരക്ഷ ഒരുക്കുന്നതിന് നിർബന്ധിതമായ സാഹചര്യത്തിലാണ് അസോസിയേഷൻ സംസ്ഥാന സമിതി ഇത്തരത്തിൽ നടപടി സ്വീകരിക്കാൻ നിർബന്ധിതമായതെന്നും തീരുമാനം പ്രതിഷേധത്തിന്റെ ഭാഗമല്ലെന്നും ഇവർ വ്യക്തമാക്കി. കേരളത്തിൽ രജിസ്റ്റർ ചെയ്ത, കേന്ദ്ര സർക്കാരിന്റെ ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് പ്രകാരം അനുമതിയുള്ള വാഹനങ്ങളെ തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ മോട്ടോർ വാഹന വകുപ്പുകൾ നിയമവിരുദ്ധമായി പിഴ ചുമത്തുകയും നികുതി പിരിക്കുകയും, പല വാഹനങ്ങളും പിടിച്ചെടുക്കുകയും ചെയ്യുന്ന അവസ്ഥയാണിപ്പോൾ നിലനിൽക്കുന്നത്.

ഇത് കേന്ദ്രസർക്കാരിന്റെ ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് ചട്ടങ്ങൾക്കു നേരെയുള്ള വ്യക്തമായ ലംഘനമാണെന്നും, പെർമിറ്റ് ഫീസ് അടച്ച വാഹനങ്ങളിൽ നിന്ന് മറ്റൊരു സംസ്ഥാനത്തിന് നികുതി ഈടാക്കാൻ പാടില്ലെന്നും ഭാരവാഹികൾ വ്യക്തമാക്കി. കഴിഞ്ഞ ഒരു വർഷത്തോളമായി തമിഴ്നാട് അന്യായമായി കേരള വാഹനങ്ങളിൽ നിന്ന് നികുതി പിരിച്ചുവെങ്കിലും, കേരള സർക്കാർ വളരെ അനുഭാവപൂർണമായും പിന്തുണയോടെയും സമീപനം സ്വീകരിച്ചിരുന്നതായി ഭാരവാഹികൾ പറഞ്ഞു. എന്നാൽ, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങൾ നിയമവിരുദ്ധ നടപടികൾ തുടർന്നതോടെ, വാഹന ഉടമകൾക്കും ഓപ്പറേറ്റർമാർക്കും ഭീതിയും സാമ്പത്തിക നഷ്ടവും വർധിച്ചിരിക്കുകയാണ്.വാഹനങ്ങൾ സീസ് ചെയ്യപ്പെടുന്നത്, പിഴ ചുമത്തുന്നത് തുടങ്ങിയ സംഭവങ്ങൾ മൂലം ഓപ്പറേറ്റർമാർക്ക് ഇനി ഈ സംസ്ഥാനങ്ങളിലേക്ക് സർവീസ് നടത്താൻ ഭയം തോന്നുന്ന അവസ്ഥയാണ്. അതിനാലാണ് സർവീസുകൾ നിർത്തിവയ്ക്കേണ്ടി വന്നത്.

LUXURY BUS OWNERS ASSOCIATION

സംസ്ഥാന ഗതാഗതമന്ത്രി, ഗതാഗത കമ്മീഷണർ എന്നിവർ തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളോടും കേന്ദ്ര ഗതാഗത മന്ത്രാലയത്തോടും അടിയന്തിരമായി ഇടപെട്ട് ഈ അന്യായ നടപടികൾ അവസാനിപ്പിച്ച് ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് സംവിധാനത്തിന്റെ ഏകീകൃത നടപ്പാക്കൽ ഉറപ്പാക്കണമെന്നും സമയോചിതമായ ഇടപെടലിലൂടെ പ്രശ്നം രമ്യമായി പരിഹരിക്കപ്പെടുകയും അന്തർ സംസ്ഥാന ടൂറിസ്റ്റ് സർവീസുകൾ സാധാരണ നിലയിലേക്ക് മടങ്ങി വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഇവർ വ്യക്തമാക്കി

# ഐ ബൈ ഇൻഫോപാർക്കിൽ ലോകോത്തര സൗകര്യങ്ങൾ




**കൊച്ചി:** ലോകോത്തര നിലവാരത്തിലുള്ള സൗകര്യങ്ങളാണ് എറണാകുളം സൗത്ത് മെട്രോ സ്റ്റേഷൻ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇൻഫോപാർക്ക് ആരംഭിച്ച പ്രീമിയം കോ-വർക്കിംഗ് സ്പേസ് ആയ ഐ ബൈ ഇൻഫോപാർക്കിൽ ഒരുക്കിയിരിക്കുന്നതെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. പാർക്കിൽ സന്ദർശനം നടത്തിയതിനു ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. കൊച്ചി മേയർ എം. അനിൽകുമാർ. ഇൻഫോപാർക്ക് ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് ശ്രീജിത്ത് ചന്ദ്രൻ, അസി. ജനറൽ മാനേജർ എൻ. ജി സജിത് , അസി. മാനേജർ എം. അനിൽ, ഇൻഫോപാർക്ക് ഉദ്യോഗസ്ഥരും മന്ത്രിയ്ക്കൊപ്പം സന്നിഹിതരായിരുന്നു. മൂന്നാം നില മുതൽ ഒൻപതാം നില വരെയായി ഏഴ് നിലകളിലായാണ് ഐ ബൈ ഇൻഫോപാർക്ക് പ്രവർത്തിക്കുന്നത്. 48,000 ചതുരശ്ര അടിയിൽപരം വിസ്തീർണ്ണമുള്ള ഇവിടെ 580ൽ അധികം വർക്ക്സ്റ്റേഷനുകൾ സജ്ജമാക്കിയിട്ടുണ്ട്.

ഏഴ് നിലകളിലായി വ്യാപിച്ചു കിടക്കുന്ന ഈ വർക്ക്സ്പേസിൽ ഓരോ നിലയ്ക്കും 6,530 ചതുരശ്ര അടി വിസ്തീർണ്ണമാണുള്ളത്. ഐടി കമ്പനിയായ സോഹോ നാലാം നില പൂർണമായി വാടകയ്ക്ക് എടുത്തിട്ടുണ്ട്. പ്ലഗ് ആൻഡ് പ്ലേ ഫർണിഷ്ഡ് ഓഫീസുകൾ, വർക്ക് സ്റ്റേഷനുകൾ, ഇവന്റ് സ്പേസ്, ട്രെയിനിംഗ് റൂം, മീറ്റിംഗ് റൂം, കോൺഫറൻസ് റൂം, ലോഞ്ച്, സഹകരണ ചർച്ചകൾക്കുള്ള കൊളാബ് ഏരിയ, ഫോൺ ബൂത്ത്, പാൻട്രി എന്നിവ ഐ ബൈ ഇൻഫോപാർക്കിലുണ്ട്. എറണാകുളം സൗത്ത് മെട്രോ സ്റ്റേഷനിൽ നിന്ന് ഐ ബൈ ഇൻഫോപാർക്കിലേക്ക് നേരിട്ടുള്ള പ്രവേശനം ആണ് ഏർപ്പെടുത്തിയിട്ടുള്ളത്. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ്, എം.ജി റോഡ്, വാട്ടർ മെട്രോ, ബോട്ട് ജെട്ടി, മെട്രോ ഫീഡർ ബസ് സർവീസ് എന്നിവയുടെയെല്ലാം തൊട്ടടുത്താണ് കൊ-വർക്കിംഗ് സ്പേസ് സ്ഥിതി ചെയ്യുന്നത്. പൊതുഗതാഗത സംവിധാനം മാത്രം ഉപയോഗിച്ച് പോലും തടസ്സങ്ങളില്ലാതെ എത്താൻ കഴിയുന്ന ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും മികച്ച മൾട്ടിമോഡൽ ട്രാൻസിറ്റ് ഹബ്ബ് കൊവർക്കിംഗ് സ്പേസാണിത്. ഐ ബൈ ഇൻഫോപാർക്കിലെ വാണിജ്യസാധ്യതകളെക്കുറിച്ചറിയാൻ 04842415217 എന്ന നമ്പറിൽ ബന്ധപ്പെടാം. കൂടുതൽ വിവരങ്ങൾ www.ibyinfopark.in എന്ന വെബ്സൈറ്റ് വഴി ലഭിക്കും.




